കേരള സർക്കാർ

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

**ഫാം ഇൻഫർമേഷൻ ബ്യൂറോ**

കവടിയാർ, തിരുവനന്തപുരം 695003

www.fibkerala.gov.in, fibtvm.agri@kerala.gov.in, 0471 -2318186, 2317314

---

നം: ADFW/FIB/TVM/17/2023-C തീയതി :02-02-2023

**ക്വട്ടേഷൻ നോട്ടീസ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വൈഗ 2023 അന്താരാഷ്ട്ര ശിൽപ്പശാലയും കാർഷിക പ്രദർശനവും 25/02/2023 മുതൽ 02/03/2023 വരെ തിരുവനന്തപുരം പുത്തരികണ്ടം മൈതാനിയിൽ വച്ച് സംഘടിപ്പിക്കുന്നു. വൈഗ 2023 നടത്തിപ്പുമായി ബന്ധപ്പെട്ട് പരിപാടിയുടെ ലൈവ് സ്ട്രീമിംഗ് ചെയ്യുന്നതിലേക്ക് തയ്യാറുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

വൈഗ വേദിയായ തിരുവനന്തപുരം പുത്തരികണ്ടം മൈതാനിയിലും സെമിനാർ ഹാളുകളിലും മറ്റു വൈഗ നടത്തുന്ന വേദികളിലും നടക്കുന്ന പരിപാടികൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫിസർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ലൈവ് സ്ട്രീമിംഗ് നടത്തേണ്ടതാണ്. ലൈവ് സ്ട്രീമിംഗ് നടത്താൻ ആവശ്യമായ ഒരു ടീമിന്റെ ഒരു ദിവസത്തെഎല്ലാ ചെലവുകളും ഉൾപ്പെടെ ക്വട്ടേഷനിൽ രേഖപ്പെടുത്തണം. കൂടാതെ, സമാന്തരമായി നടക്കുന്ന പ്രോഗ്രാമുകൾ ലൈവ് സ്ട്രീം ചെയ്യേണ്ട അവസരങ്ങളിൽ ആവശ്യമായ ഒന്നോ അതിലധികമോ ടീമുകളെ ക്വട്ടേഷൻ അനുവദിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ തന്നെ നിയോഗിക്കേണ്ടതും ക്വട്ടേഷൻ അംഗീകരിക്കുന്ന നിരക്കിൽ ചെയ്യേണ്ടതുമാണ്.

ക്വട്ടേഷനുകൾ 10/02/2023 3 മണിക്ക് മുൻപായി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ഫാം ഇൻഫർമേഷൻ ബ്യൂറോ കവടിയാർ (പി. ഓ) തിരുവനന്തപുരം എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കേണ്ടതാണ് ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് മുകളിലായി **"ഫാം ഇൻഫർമേഷൻ ബ്യൂറോക്ക് വേണ്ടി വൈഗ 2023 പ്രചരണാർത്ഥം ലൈവ് സ്ട്രീമിംഗ് ചെയ്യുന്നതിലേയ്ക്കുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത ജോലി ഈ ഓഫീസിലെ ഉദ്യോഗസ്ഥർ വിലയിരുത്തുന്നതും ആയതിൽ ന്യൂനതകളോ കുറവുകളോ അപാകതകളോ വരുന്ന പക്ഷം പേമെന്റിൽ അനുപാതികമായി കുറവ് വരുത്തുന്നതാണ്. ക്വട്ടേഷനുകൾ സ്വീകരിന്നതിനും നിരസിക്കുന്നതിനും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

ക്വട്ടേഷനുകൾ 10/02/2023, 3.30 മൂന്ന് മണിക്ക് അപ്പോൾ ഹാജർ ഉള്ളവരുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും ലഭിച്ച ക്വട്ടേഷനുകളിൽ എല്ലാ പ്രവർത്തിക്കും ഉൾക്കൊള്ളുന്ന ആകെ തുകയുടെ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെ സ്ഥാപനത്തിന്റെ പേരിൽ സ്ഥിരപ്പെടുത്തുന്നതാണ്.

10/02/2023ന് ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്തുള്ള പ്രവർത്തി ദിവസം 3.00 PM വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും 3.30 PM ന് തുറന്നു പരിശോധിക്കുന്നതും ആണ്. സർക്കാരിന്റെ എല്ലാ ക്വട്ടേഷൻ/ലേല വ്യവസ്ഥകളും ഇതിന് ബാധകമായിരിക്കും.

Sd/-

PADMAM S

JOINT DIRECTOR OF AGRICULTURE

പകർപ്പ്:

1) ഓഫീസ് നോട്ടീസ് ബോർഡ്
2) വെബ്സൈറ്റ്
3) ഫാം ന്യൂസ് സെക്ഷൻ
4) ഞാറ്റുവേല റേഡിയോ
5) മറ്റു പ്രധാന ഓഫിസുകൾ

Signed by Anil B K
Date: 02-02-2023 14:53:57
Reason: Approved